ശ്രീ. നാലകത്ത് സൂപ്പി : നമ്മുടെ സംസ്ഥാനത്ത് എസ്. എസ്. എൽ.സി. ആയാലും പ്രീ-ഡിഗ്രി ആയാലും ഡിഗ്രി പരീക്ഷയായാലും ചോദ്യ പേപ്പർ ചോർച്ച ഒരു നിത്യസംഭവമായി മാറിയിട്ടുണ്ട്. അതിൽ ഇപ്പോൾ അത്ഭുതമൊന്നുമില്ല. ആ സ്ഥിതി മാറ്റുന്നതിനും ഇത്തരം അവസരങ്ങളിൽ ബന്ധപ്പെട്ട ആളുകളുടെ പേരിൽ കർശനമായ നടപടി എടുക്കുന്നതിനും ഗവൺമെൻറ് വ്യക്തമായ ഒരു തീരുമാനം എടുക്കുമോ ?

ശ്രീ. കെ. ചന്ദ്രശേഖരൻ : അദ്ദേഹത്തിന്റെ ചോദ്യത്തിന്റെ ആദ്യ ഭാഗം ഞാൻ നിഷേധിക്കുന്നു. ഇത്തരത്തിലൊന്നും ചോർച്ചകൾ നടക്കുന്നില്ല. ഇത് വെറും ഒറ്റപ്പെട്ട സംഭവമാണ്. ഈ ഹെഡ്മാസ്റ്ററുടെ സ്വഭാവദൂഷ്യംകൊണ്ടുമാത്രം ഉണ്ടായതാണ്. കർശന നടപടികൾ അദ്ദേഹത്തിനെതിരായി എടുത്തിട്ടുണ്ട്.

ശ്രീ. സി. ടി. അഹമ്മദാലി : ചോദ്യക്കടലാസ് ചോർച്ചപോലെതന്നെ പല സ്കൂളുകളിലും കോപ്പിയടിക്കുന്നത് കാണാൻ കഴിയും. ഇത്തരം വല്ല കേസ്സുകളും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുനടപടി എടുത്തു എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. ചന്ദ്രശേഖരൻ : കോപ്പിയടിച്ച പരാതിയും ചിലപ്പോൾ കിട്ടാറുണ്ട്. ഇത്തവണ കോപ്പിയടിച്ച പരാതിയൊന്നും കിട്ടിയിട്ടില്ല.

## പ്രൈമറി ക്ലാസ്സുകളിലെ പരീക്ഷകളിൽ ഏകീകരണം വരുത്താൻ നടപടി

* 9. [206] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി സ്കൂളുകളിലെ പരീക്ഷകൾ നടത്തുന്നതിൽ ഏകീകരണ സ്വഭാവം ഉണ്ടാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് നിർദ്ദേശങ്ങൾ ?

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ) :

(എ, ബി) പ്രൈമറി സ്കൂളുകളിലെ പരീക്ഷകൾ നടത്തുന്നതിൽ ഏകീകരണ സ്വഭാവം ഉണ്ടാക്കുന്നതിന് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ശ്രീ. ചെർക്കളം അബ്ദുള്ള : പ്രൈമറി ക്ലാസ്സുകളിലെ വിദ്യാഭ്യാസ നിലവാരം കുറഞ്ഞുവരുന്ന ഈ സാഹചര്യത്തിൽ പ്രൈമറി ക്ലാസ്സുകളിൽ കൂടി ഏകീകൃത പരീക്ഷാനയം നടപ്പിലാക്കുന്നതിന് ഗവൺമെൻറ് അടിയന്തിര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. ചന്ദ്രശേഖരൻ : ഇപ്പോൾ സ്വീകരിക്കുന്നത്, പരീക്ഷാതീയതി, ടൈംടേബിൾ തുടങ്ങിയ കാര്യങ്ങളിൽ ഏകീകരണം ഒരളവുവരെ നൽകുക എന്നതാണ്. എല്ലാ പ്രൈമറി സ്കൂളുകളിലേയും നിലവാരം വ്യത്യസ്തമാണ്. അതുകൊണ്ട് വ്യത്യസ്തമായിട്ടുള്ള ചോദ്യക്കടലാസുകൾ അതാതു കൊടുക്കേണ്ടതായി വരും.

ശ്രീ. ചെർക്കളം അബ്ദുള്ള : 1958-ൽ ഇല്ലാതായ ഇ.എസ്. പരീക്ഷാ സമ്പ്രദായം വീണ്ടും നടപ്പിലാക്കുകവഴി നമ്മുടെ നിലവാരം ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെൻറിന്റെ പക്കലുണ്ടോ ?

ശ്രീ. കെ. ചന്ദ്രശേഖരൻ : പരീക്ഷാസമ്പ്രദായത്തിൽ വ്യത്യാസം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly